2. ഹാംലറ്റ് വികസന പദ്ധതി:

2013-14 സാമ്പത്തിക വർഷം മുതൽ ടി പദ്ധതി നടപ്പാക്കി വരുന്നു. ഹാംലറ്റ് വികസന പദ്ധതിയുടെ പ്രവർത്തന പുരോഗതി അനുബന്ധമായി* ചേർത്തിരിക്കുന്നു.

3.അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി :

2014-15 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി. ടി പദ്ധതി പ്രകാരം 135.75 കോടി രൂപ അനുവദിച്ച് പിന്നോക്കാവസ്ഥയിലുള്ള 134 പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സുസ്ഥിര വികസന പ്രവൃത്തികൾ ദ്രുതഗതിയിൽ നടപ്പിലാക്കിവരുന്നു.

ടി പദ്ധതി മുഖേന ബന്ധപ്പെട്ട ജില്ലകൾക്ക് അനുവദിച്ച തുകയുടെയും നാളിതുവരെ ചെലവഴിച്ച തുകയുടെയും വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

2015-16 വർഷത്തിൽ കോഴിക്കോട്, വയനാട്, കണ്ണൂർ, മലപ്പുറ എന്നീ ജില്ലകളിലെ പിന്നോക്കാവസ്ഥയിലുള്ള 50 പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികനസനത്തിന് 65 കോടി രൂപ അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകൽ

245 (630) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് എത്ര തുകയാണ് ഈ സർക്കാരിന്റെ കാലയളവിൽ നീക്കിവച്ചിരുന്നത്;

(ബി) ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമി ലഭ്യമാക്കുന്നതിന് ഈ തുക പര്യാപ്തമായിരുന്നുവോ;

(സി) ബഡ്ജറ്റിൽ നീക്കിവച്ച തുക മുഴുവനും ഈ ആവശ്യത്തിനായി ഉപയുക്തമാക്കിയിട്ടുണ്ടോ;

(ഡി) നിലവിൽ ഭൂരഹിതരായ എത്ര ആദിവാസികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന ബഡ്ജറ്റിലെ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (ടി.ആർ.ഡി.എം.മുഖേന) എന്ന ശീർഷകത്തിൽ നിന്നുമാണ് ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വാങ്ങി നൽകുന്നതിന് തുക അനുവദിക്കുന്നത് നടപ്പാക്കുന്നത്. ഇത് "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" എന്ന പദ്ധതിയിലൂടെയാണ് നടപ്പിലാക്കുന്നത്. 2013-14 സാമ്പത്തികവർഷം ആരംഭിച്ച ടി പദ്ധതിയുടെ 2013-14,2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ, വർഷത്തിൽ 20 കോടി രൂപ വീതം ആകെ 60 കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) ടി തുക പര്യാപ്തമായിരുന്നില്ല.

(സി) ഉപയുക്തമാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് നിലവിൽ 9208 ഭൂരഹിതരായ ആദിവാസികൾ ഉണ്ട്.

വായ്പാ കുടിശ്ശിക എഴുതിത്തള്ളാൻ നടപടികൾ

246 (631) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ കുടിശ്ശികയായുള്ള വായ്പ എഴുതിതള്ളുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) കടം എഴുതിത്തള്ളുന്നതിനുള്ള നടപടികൾക്ക് കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് അടിയന്തരമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഉത്തരവിൽ ഭവനനിർമ്മാണത്തിനായി എടുത്ത വായ്പകൾ എഴുതി തള്ളുന്നതിന് നടപടിയുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഭവനനിർമ്മാണ വായ്പകൾകൂടി ഒഴിവാക്കുന്നതിനുള്ള പരിഷ്കരിച്ച ഉത്തരവ് പുറത്തിറക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly